"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- - ഓണം പ്രമാണിച്ച് ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിവരുന്ന ഉത്സവബത്ത വർദ്ധിപ്പിച്ചുകൊണ്ടും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2082/2025/LSGD തീയതി,തിരുവനന്തപുരം, 22-08-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1632/2024/എൽ.എസ്.ജി.ഡി തീയതി, 05-09-2024

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/08/2025-ലെ 10394/D/2017/KSHO നമ്പർ കത്ത്

**ഉത്തരവ്**

ഓണം പ്രമാണിച്ച് ഹരിതകർമ്മസേനാംഗങ്ങൾക്ക് 2024 വർഷം 1000/-രൂപ വീതം ഉത്സവബത്തയായി അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നുവെന്നും അതുപോലെ ഈ വർഷവും ഓണം പ്രമാണിച്ച് ഉത്സവബത്ത അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 വർഷത്തെ ഓണം ഉത്സവവുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേനാംഗങ്ങൾക്ക് നൽകി വരുന്ന ഉത്സവബത്ത 1250/-രൂപ (ആയിരത്തി ഇരുന്നൂറ്റി അൻപത് രൂപ മാത്രം) ആയി വർദ്ധിപ്പിച്ചുകൊണ്ടും ടി തുക ഉത്സവബത്തയായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിന് ആവശ്യമായ നടപടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്.
എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വ മിഷൻ

എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ, (I&PRD), വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 25-08-2025 10:06:07
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെഷ്യൽ സെക്രട്ടറിയുടെ പി.എ-ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ-ക്ക്